സോളിഡാരിറ്റി
യൂത്ത് മൂവ്മെന്റ് കേരള

# എന്താണ് വഖ്ഫ്

## യാഥാർത്ഥ്യവും വിവാദവും




കൈപുസ്തകം

# എന്താണ് വഖ്ഫ്

യാഥാർത്ഥ്യവും
വിവാദവും

കൈപുസ്തകം

solidarityym.org

SOLIDARITY
youth movement kerala

# ആമുഖം

വഖ്ഫ് ഭേദഗതി നിയമം ലോക്സഭയിലും രാജ്യസഭയിലും പാസായിരിക്കുന്നു. മുസ്ലിംകളെ വംശീയ ഉന്മൂലനം ചെയ്യുക എന്നതാണ് ഹിന്ദുത്വ ശക്തികളുടെ ഒന്നാമത്തെ പ്രഖ്യാപിത ലക്ഷ്യം. ആ വംശീയ പദ്ധതിയിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് വഖ്ഫ് ഭേദഗതി നിയമം. വഖ്ഫുമായി ബന്ധപ്പെട്ട് നിരവധി നുണകളും വ്യാജപ്രചാരണങ്ങളും ഇന്ത്യയിലുടനീളം ഇപ്പോൾ ഒഴികിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലും അത്തരം നുണപ്രചാരണങ്ങൾ വ്യാപിക്കുന്നു. വഖ്ഫ് എന്നത് നാട്ടുകാരുടെ ഭൂമികളും സർക്കാരിന്റെ ഭൂമികളും കൈയേറ്റം ചെയ്യാനുള്ള ഒരു പദ്ധതിയും മറയുമാണ്, ഈ നാട്ടിലെ അമ്പലങ്ങളിലേക്കും ചർച്ചുകളിലേക്കും സാധാരണക്കാരുടെ വീടുകളിലേക്കും വഖ്ഫിന്റെ പേരുപറഞ്ഞ് ഏത് സമയത്തും കടന്നുവരികയും അവ തകർക്കുകയും ചെയ്യും തുടങ്ങി എത്രയെത്ര വ്യാജങ്ങളാണ് പ്രചരിപ്പിക്കപ്പെടുന്നത്!!

ഈ ഒരു പശ്ചാത്തലത്തിലാണ് എന്താണ് ഇസ്ലാമിലെ വഖ്ഫ് എന്നും ഇപ്പോൾ പാസായ വഖ്ഫ് ഭേദഗതി നിയമത്തിലെ അപകടങ്ങൾ എന്തൊക്കെയാണെന്നും പൊതുജനത്തിന് ലളിതമായി പരിചയപ്പെടുത്തി കൊടുക്കുന്ന ഒരു കൈപ്പുസ്തകം ഇറക്കാൻ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് തീരുമാനിച്ചത്.

വഖ്ഫിനെ കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന ഒരു പുസ്തകമല്ല ഇത്. വഖ്ഫുമായി ബന്ധപ്പെട്ട പ്രാഥമിക കാര്യങ്ങൾ ഏതൊരു സാധാരണക്കാരനും മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ ഉദാഹരണങ്ങൾ സഹിതം ലളിതമായി അവതരിപ്പിക്കാനാണ് ഇതിൽ ശ്രമിച്ചിട്ടുള്ളത്. വഖ്ഫിലൂടെ ഉണ്ടാകുന്ന സാമൂഹിക പുരോഗതി, വഖ്ഫ് ഭേദഗതി നിയമത്തിന് പിന്നിലെ സംഘപരിവാർ അജണ്ട, വഖ്ഫ് ഭേദഗതി നിയമത്തിലെ അപകടങ്ങൾ, വഖ്ഫുമായ ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങളിലെ വസ്തുത തുടങ്ങിയ കാര്യങ്ങളും ഇതിൽ ചുരുക്കി പറയുന്നുണ്ട്.

‘വഖഫ് എന്നാൽ നാല് അക്ഷരങ്ങളിൽ ഒതുങ്ങുന്ന കിരാതം’, വിവാദ പ്രസ്താവനയുമായി സുരേഷ് ഗോപി

24 Web Desk
November 9, 2024






Description

"വഖഫിന്റെ മറവിൽ കേരളത്തിൽ തീവ്രവാദ സംഘടനകളുടെ പ്രവർത്തനം സജീവം": K Surendran | Waqf Bill

കർഷക ആത്മഹത്യക്ക് കാരണം വഖഫ് പ്രശ്നമാണെന്ന വ്യാജ വാർത്ത പങ്കുവെച്ചു; ബിജെപി എംപി തേജസ്വി സൂര്യക്കെതിരെ കേസ്

കന്നഡ ദുനിയ ഇ-പേപ്പർ എഡിറ്റർ, കന്നഡ ന്യൂസ് ഇ-പേപ്പർ എന്നിവയുടെ എഡിറ്റർമാർക്കെതിരെയും കേസെടുത്തിട്ടുണ്ട്








Description

"വഖഫിന്റെ
തീവ്രവാദ
പ്രവർത്ത
Waqf Bill

# അങ്ങനെയെങ്കിൽ എന്താണ് ഇസ്‌ലാമിലെ വഖ്ഫ്



• ദാനധർമ്മങ്ങൾക്ക് ഇസ്‌ലാം വലിയ പ്രോത്സാഹനം നൽകുന്നുണ്ട്.

• കഷ്ടപ്പെടുന്നവരെ സഹായിക്കാനും ജനോപകാരപ്രദമായ കാര്യങ്ങൾക്കും വേണ്ടി ദാനം ചെയ്യുക എന്നത് ഇസ്‌ലാമിൽ ഏറെ മഹത്വമുള്ള കർമ്മമാണ്.

• ദാനധർമ്മത്തിന്റെ ഏറ്റവും മഹത്തായ ഒരു രൂപമാണ് വഖ്ഫ്.



അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആഗ്രഹിച്ചുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്പെടുന്ന ഒരു സംഗതിക്ക് വേണ്ടി ഒരാൾ സ്വന്തം ഉടമസ്ഥതയിലുള്ള ഒരു സ്വത്ത് സ്ഥിര സ്വഭാവത്തിൽ നീക്കിവെക്കുന്നതിനെയാണ് വഖ്ഫ് എന്ന് പറയുന്നത്.

**വഖ്ഫ് സ്വത്ത് സ്ഥിരമായി നിലനിൽക്കുകയും ആ സ്വത്തിന്റെ ഉപകാരം ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും**

**ഉദാഹരണം**

ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരു ഭൂമി. ആ ഭൂമി പള്ളി, മദ്റസ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രി, അനാഥ മന്ദിരം, അഗതി മന്ദിരം, പൊതു കിണർ, വഴിയാത്രക്കാർക്കുള്ള വിശ്രമ കേന്ദ്രം തുടങ്ങിയവയിൽ ഏതെങ്കിലും ഒരു സംഗതിക്ക് വേണ്ടി പ്രസ്തുത വ്യക്തി ദാനം ചെയ്യുന്നു. ഇതാണ് വഖ്ഫ്.

അതല്ലെങ്കിൽ മുകളിൽ പറഞ്ഞ ജനോപകാരപ്രദമായ സംഗതികൾ നിർമ്മിക്കുകയും അത് വഖ്ഫ് ചെയ്യുകയും ചെയ്യുക. അതുമല്ലെങ്കിൽ അവ നിർമ്മിക്കുന്നതിന് ആവശ്യമായ സമ്പത്ത് നൽകുക. ഇതൊക്കെയാണ് വഖ്ഫിന്റെ രീതികൾ.









ഇന്ത്യയിലെ പ്രശസ്തമായ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും വഖ്ഫിലൂടെ ഉണ്ടായതാണ്. ഉദാഹരണമായി,



അലിഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റി




ജാമിഅ മില്ലിയ ഇസ്‌ലാമിയ, ഡൽഹി




ഹംദർദ് യൂണിവേഴ്സിറ്റി



ഫാറൂഖ് കോളേജ് ഫറോക്ക്

ഇന്ത്യയിലെ ഇന്ന് നിലനിൽക്കുന്ന അനേകം മദ്റസകൾ, ഡൽഹി ജുമാ മസ്ജിദ് അടക്കമുള്ള ഒട്ടനവധി പള്ളികൾ, ദർഗകൾ തുടങ്ങിയവയെല്ലാം വഖ്ഫ് ചെയ്യപ്പെട്ടതാണ്



## വഖ്ഫ് സ്വത്തിന്റെ പ്രത്യേകത

വഖ്ഫ് ചെയ്ത സ്വത്ത് അങ്ങനെ തന്നെ നിലനിൽക്കും. അത് വിൽക്കപ്പെടാനോ കൈമാറ്റം ചെയ്യപ്പെടാനോ പാടില്ല. ആ സ്വത്തിന്റെ ഉപകാരങ്ങളും ഗുണങ്ങളും ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വഖ്ഫ് ചെയ്യുന്നതോടു കൂടി ആ സ്വത്തിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിന് മാത്ര മായി മാറും.

## മറ്റു ദാനധർമ്മങ്ങളിൽ നിന്ന് വഖ്ഫിന്റെ വ്യതിരിക്തത എന്ത്

സാധാരണ ദാനങ്ങൾ അപ്പപ്പോൾ ആവശ്യങ്ങൾക്ക് ഉപകാ രപ്പെടുകയാണ് ചെയ്യുക. അതിന്റെ പ്രയോജനങ്ങൾ അതോടെ അവസാനിക്കുകയും ചെയ്യും. എന്നാൽ ഒരാൾ തന്റെ ഒരു സ്വത്ത് വഖ്ഫ് ചെയ്തു എന്ന് കരുതുക. അത് അങ്ങനെ തന്നെ സ്ഥായിയായി ദീർഘ കാലം നിലനിൽ ക്കും. ഭൂമി പോലുള്ളതാണെങ്കിൽ തലമുറകളോളം നില നിൽക്കും. അതിന്റെ പ്രയോജനം അതുമായി ബന്ധപ്പെട്ട ജനങ്ങൾക്ക് എല്ലാകാലത്തും ലഭിച്ചുകൊണ്ടിരിക്കും.




### മറ്റൊരു ഉദാഹരണം

ഒരാൾക്ക് ഒരു തോട്ടമുണ്ട്. "ഈ തോട്ടത്തിൽ നിന്ന് ലഭിക്കു ന്ന ആദായം ഈ പ്രദേശത്തെ ദരിദ്രരായ വിധവകളുടെ ജീവിതച്ചെലവിന് വേണ്ടി ഉപയോഗിക്കണം" എന്ന് ഉദ്ദേശി ച്ചുകൊണ്ട് അദ്ദേഹം വഖ്ഫ് ചെയ്തു എന്ന് കരുതുക. ആ തോട്ടം പിന്നീട് വിൽക്കാനോ കൈമാറ്റം ചെയ്യപ്പെടാനോ

പാടില്ല. ആ തോട്ടത്തിൽ  നിന്ന് ലഭിക്കുന്ന ആദായം കാലാകാലം തലമുറകളോളം ആ പ്രദേശത്തെ ദരിദ്രരായ വിധവകളുടെ ജീവിതച്ചെലവിന് വേണ്ടി ഉപയോഗിക്കപ്പെടും. തോട്ടം അങ്ങനെ തന്നെ നിലനിൽക്കുകയും ചെയ്യും.

## നിലക്കാത്ത പ്രതിഫലം

ഇസ്‌ലാമിക കാഴ്ചപ്പാടിൽ, ഒരാൾ മരണപ്പെട്ടാൽ അയാൾക്ക് സൽകർമ്മങ്ങൾ ചെയ്യാനും അതിലൂടെ പ്രതിഫലം ലഭിക്കാനുമുള്ള അവസരം പിന്നീട് ഉണ്ടാവുകയില്ല. എന്നാൽ ഒരാൾ താൻ ജീവിച്ചിരിക്കുന്ന കാലത്ത് തന്റെ ഒരു മുതൽ വഖ്ഫ് ചെയ്തു എന്ന് കരുതുക. ആ മുതൽ നിലനിൽക്കുന്നിടത്തോളം കാലം അതിന്റെ പ്രതിഫലം അയാൾക്ക് ലഭിച്ചുകൊണ്ടേയിരിക്കും. മരണശേഷവും അതിന്റെ പ്രതിഫലം അദ്ദേഹത്തിലേക്ക് വന്നുകൊണ്ടിരിക്കും. 'സ്വദഖ ജാരിയ' എന്നാണ് നബി (സ)  അതിനെ വിശേഷിപ്പിച്ചത്.  നിലക്കാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ദാനധർമ്മം എന്നാണ് അതിന്റെ അർത്ഥം

> നബി (സ) പറഞ്ഞു:മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമങ്ങൾ മുറിഞ്ഞു. (അഥവാ കർമങ്ങൾ ചെയ്യാനുള്ള അവസരം അവസാനിച്ചു.) മൂന്ന് കാര്യങ്ങൾ ഒഴികെ. നിലനിൽക്കുന്ന  ദാനധർമം, പ്രയോജനകരമായ വിജ്ഞാനം, മരണപ്പെട്ട വ്യക്തിക്ക് വേണ്ടി പ്രാർഥിക്കുന്ന സൽസന്താനം"

## വഖ്ഫ് സ്വത്ത് ആരാണ് കൈകാര്യം ചെയ്യുക

വഖ്ഫ് ചെയ്യുന്ന വ്യക്തി അതിന്റെ കൈകാര്യകർത്താവായിട്ട് ആരെയാണോ നിശ്ചയിക്കുന്നത് അവരാണ് സ്വത്ത് കൈകാര്യം ചെയ്യേണ്ടത്. അങ്ങനെ നിശ്ചയിക്കപ്പെടുന്ന വ്യക്തി മുതവല്ലി എന്നാണ് അറിയപ്പെടുക.

മുതവല്ലി ഒരിക്കലും വഖ്ഫ് സ്വത്തിന്റെ അധികാരിയോ ഉടമസ്ഥനോ അല്ല. മറിച്ച് ഏതൊരു ഉദ്ദേശത്തിലാണോ ഒരാൾ ഒരു സ്വത്ത്  വഖ്ഫ് ചെയ്തത് ആ ഉദ്ദേശത്തിനനുസരിച്ച് ആ സ്വത്തിനെ കൈകാര്യം ചെയ്യുന്നവനാണ് മുതവല്ലി. മുതവല്ലി അയാളുടെ ഉത്തരവാദിത്തം നിറവേറ്റാത്ത ഘട്ടത്തിൽ അദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് നീക്കം

ചെയ്യേണ്ടതും മറ്റൊരാൾക്ക് ആ ഉത്തരവാദിത്തം ഏൽപ്പിച്ചു കൊടുക്കേണ്ടതുമാണ് എന്നാണ് ഇസ്‌ലാമിക നിയമം നിഷ്കർഷിക്കുന്നത്.

# വഖ്ഫും ഇസ്‌ലാമിക നാഗരികതയും

(വഖ്ഫ് ഉണ്ടാക്കിയ സാമൂഹിക പുരോഗതികൾ)



വഖ്ഫ് ഇസ്‌ലാമിലെ ഒരു ആരാധനാ കർമ്മമാണ്. ദാനധർമ്മം എന്ന ആരധനാ കർമ്മം. അതോടൊപ്പം തന്നെ, ഇസ്‌ലാമിക സംസ്കാരത്തിന്റെയും നാഗരികതയുടെയും സൗന്ദര്യം ലോകത്തിന് കാണിച്ചുകൊടുത്ത സുപ്രധാന ഘടകമായിരുന്നു വഖ്ഫ്. സാമൂഹിക പുരോഗതയിൽ വഖ്ഫ് നിർവഹിച്ച പങ്ക് വളരെ വലുതായിരുന്നു.

വിവിധ കാലങ്ങളിൽ വൈവിധ്യമാർന്ന ആവശ്യങ്ങൾക്കായി വിശ്വാസികൾ വഖ്ഫ് ചെയ്തിരുന്നു. ഇസ്‌ലാമിക നാഗരികതയുടെയും മുസ്‌ലിം സമൂഹത്തിന്റെയും മേന്മയും മഹത്വവും പ്രതിഫലിപ്പിക്കുന്നതായിരുന്നു വഖ്ഫിന്റെ ചരിത്രം.

ഹിജ്റ എട്ടാം നൂറ്റാണ്ടിൽ അടിമവംശ ഭരണ കാലത്ത് ദമസ്കസിലെ വഖ്ഫ് സ്വത്തുക്കളുടെ വൈപുല്യവും വൈവിധ്യവും കണ്ട് പ്രശസ്ത സഞ്ചാരിയും പണ്ഡിതനുമായിരുന്ന ഇബ്നു ബത്തൂത്ത ഇപ്രകാരം എഴുതി:

> ദമസ്കസിലെ വഖ്ഫ് സ്വത്തുക്കളുടെ ഇനങ്ങളും വിനിയോഗ മാർഗങ്ങളും എണ്ണിത്തീർക്കാൻ കഴിയില്ല. സ്വന്തം നിലയിൽ ഹജ്ജിന് പോകാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്കും പെൺകുട്ടികളുടെ വിവാഹത്തിനും ബന്ദികളുടെ മോചനത്തിനും വഴിയാത്രക്കാർക്കും വഴിനന്നാക്കാനും റോഡുകളുടെ ഇരുവശങ്ങളിലും കാൽനടയാത്രക്കാർക്ക് നടപ്പാത ഒരുക്കാനും മറ്റുമായി ജനങ്ങൾ വഖ്ഫുകൾ ചെയ്തിരുന്നു.

ഇസ്‌ലാമിക നാഗരികതയിൽ സാമൂഹിക വൈജ്ഞാനിക സാംസ്കാരിക മേഖലകളെ വികസിപ്പിക്കുന്നതിലും പുരോഗതിയിലേക്ക് നടത്തുന്നതിലും വഖ്ഫ് വലിയ പങ്കുവഹിച്ചിട്ടുണ്ട്.

## വഖ്ഫിന്റെ സുപ്രധാന മേഖലകളെ നാലായി ഇനം തിരിക്കാൻ കഴിയും

### 1- മതപരമായ സേവനങ്ങൾ

പള്ളികൾ, മഖ്ബറകൾ, ഈദ്ഗാഹുകൾ തുടങ്ങിയവ

വഖ്ഫ് ചെയ്യുന്നു.

### 2- വൈജ്ഞാനിക സേവനങ്ങൾ

മതപഠന ശാലകൾ, കോളേജുകൾ, ലൈബ്രറികൾ, ഗ്രന്ഥങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, പഠിതാക്കൾക്കും അധ്യാപകർക്കുമുള്ള വഖ്ഫ് സംരംഭങ്ങൾ.

### 3- സാമൂഹിക സേവനങ്ങൾ

സമൂഹത്തിലെ ദരിദ്രരെയും മറ്റ് ആവശ്യക്കാരെയും സഹായിക്കാൻ പ്രത്യേക വഖ്ഫ് സംരംഭങ്ങൾ. ഒരു സാമൂഹിക സുരക്ഷിതത്വമായി വഖ്ഫ് നിലനിൽക്കുന്നു.

### 4- ആരോഗ്യ സേവനങ്ങൾ

വിവിധ രീതിയിലുള്ള ആരോഗ്യ സംരക്ഷണങ്ങൾക്ക് വഖ്ഫ് സംവിധാനങ്ങൾ ഉണ്ടായിരുന്നു. പൊതു ആശുപത്രികൾ, സൗജന്യ ചികിത്സ, രോഗികൾക്കുള്ള ഭക്ഷണം, വൈദ്യശാസ്ത്രം പഠിക്കുന്നവർക്കുള്ള സഹായങ്ങൾ, ഡോക്ടർമാരുടെ ശമ്പളം തുടങ്ങിയ വിവിധ ഇനങ്ങളിലുള്ള വഖ്ഫുകളുണ്ടായിരുന്നു.

ലോക പ്രശസ്ത ഇസ്ലാമിക ചിന്തകനായിരുന്ന
**ഡോ. മുസ്തഫ സിബാഈ പറയുന്നു**

“ ആശുപത്രിയിലെ രോഗികളുടെ സമീപത്തുകൂടെ നടന്ന് അവരുടെ മുഖം പ്രസന്നമാകുന്നതിനെയും രോഗം സുഖപ്പെടുന്നതിനെയും അവരുടെ കണ്ണുകൾ തിളങ്ങുന്നതിനേയും കുറിച്ചുമൊക്കെ സംസാരിക്കാനും അങ്ങനെ രോഗികൾക്ക് ആശ്വാസവും പ്രതീക്ഷയും പകർന്നു കൊടുക്കാനും ചുമതലപ്പെട്ട രണ്ട് ജീവനക്കാർക്ക് വേണ്ടി ഉസ്മാനിയാ ഭരണകാലത്ത് ശാമിലെ ട്രിപ്പോളിയിൽ ഒരു വഖ്ഫ് വസ്തുവിന്റെ വരുമാനം നീക്കിവെച്ചിരുന്നു”

വൈജ്ഞാനിക മേഖലയിലെ ധാരാളം വഖ്ഫുകൾ വലിയ മുന്നേറ്റങ്ങൾ സാധ്യമാക്കി. മതപഠന ശാലകൾ മാത്രമല്ല ഭൗതിക വിദ്യാഭ്യാസത്തിന്റെയും വാതിലുകൾ വഖ്ഫ് പദ്ധതികൾ തുറന്നുവെച്ചു.

ഉസ്മാനിയ ഖിലാഫത്ത് കാലത്ത് ഈജിപ്തിൽ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലെ അധ്യാപകർക്ക് യാത്രാ സൗകര്യത്തിനായി കോവർ കഴുതകളെ ഏർപ്പാടാക്കിയിരുന്നു. അതിന്റെ ചെലവുകൾക്കായി  സ്വത്തുക്കൾ വഖ്ഫ് ചെയ്യപ്പെട്ടിരുന്നു.

പാവങ്ങൾക്ക് കല്യാണ വേളകളിലും മറ്റ് സന്തോഷ അവസരങ്ങളിലും സൗജന്യമായി ഉപയോഗിക്കാനായി തിരിച്ചു നൽകുന്ന വ്യവസ്ഥയിൽ ആഭരണങ്ങളും വസ്ത്രങ്ങളും വഖ്ഫ് ചെയ്യപ്പെട്ടിരുന്നു.

മർദ്ദിതരായ ആളുകളുടെ സംരക്ഷണത്തിനായി വഖ്ഫുകൾ ഉണ്ടായിരുന്നു.

മുലയൂട്ടുന്ന സ്ത്രീകൾക്കുള്ള സഹായം, കുട്ടികൾക്ക് കളിക്കാനുള്ള മൈതാനങ്ങൾ, കുടിവെള്ള പദ്ധതികൾ,  പൂച്ചകൾക്കും പക്ഷികൾക്കും ആഹാരത്തിനും മറ്റുമുള്ള സൗകര്യങ്ങൾ തുടങ്ങിയ സംഗതികൾക്ക് പോലും  വഖ്ഫ് ചെയ്ത ചരിത്രം കാണാനാകും.

വഖ്ഫിൽ സ്ത്രീകളുടെ പങ്കും വളരെ വലുതാണ്. ആയിഷ (റ)അസ്മാ (റ)ഉമ്മുസലമ (റ)ഉമ്മു ഹബീബ (റ)സഫിയ (റ) തുടങ്ങിയ മഹതികളൊക്കെ വഖ്ഫ് ചെയ്തവരായിരുന്നു.

മൊറോക്കോയിലെ ഫാത്തിമ ബിൻത് ഫിഹ്രി വഖ്ഫ് ചെയ്ത ഖുറവിയ്യീൻ പള്ളി പിന്നീട് യൂണിവേഴ്സിറ്റിയായി വികസിച്ചു.

സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയുടെ പത്നി ഖാത്തൂൻ ദമസ്കസിൽ മദ്റസത്തുൽ ഖാത്തൂനിയ്യ തുടങ്ങി. ധാരാളം പള്ളികളും വൈജ്ഞാനിക സ്ഥാപനങ്ങളും വനിതകളുടെ സംഭാവനകൾ ആയിരുന്നു.

അബ്ബാസി ഭരണാധികാരി ഹാറൂൺ റഷീദിന്റെ പത്നി സുബൈദ ബിൻത് ജാഫർ മൻസൂർ ബഗ്ദാദിൽ നിന്ന് മക്കയിലേക്ക് കനാൽ പണിത് വഖ്ഫ് ചെയ്തത് ചരിത്രത്തിലെ ഉജ്ജ്വലമായ വഖ്ഫിന്റെ അടയാളമാണ്.

ആധുനിക ഇന്ത്യ രൂപപ്പെട്ടതിൽ വഖ്ഫിന് വലിയ പങ്കുണ്ട്. ഇന്ത്യയിലെ സാംസ്കാരിക സാമൂഹിക വൈജ്ഞാനിക മേഖലയിൽ വഖ്ഫിന്റെ സംഭാവനകൾ നിരവധിയാണ്.

ഇന്ത്യയിൽ അനേകം ജീവകാരുണ്യ പദ്ധതികളും പൊതുസേവനങ്ങളും വഖ്ഫായി നിലനിന്നിരുന്നു. അതിന്റെയെല്ലാം പ്രയോജനങ്ങൾ മുസ്ലിംകൾക്ക് മാത്രമായിരുന്നില്ല; മുഴുവൻ ജനങ്ങൾക്കും ആയിരുന്നു.

ജാതി ഘടനയിൽ പടുത്തുയർത്തപ്പെട്ട ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിൽ പൊതു ഇടങ്ങൾ കുറവായിരുന്നു. വഖ്ഫിലൂടെയും മറ്റും രൂപപ്പെട്ട വിവിധ മേഖലകളിലെ പൊതുഇടങ്ങൾ ഒരു സാമൂഹിക നവോത്ഥാനം കൂടി സാധ്യമാക്കുകയുണ്ടായി.

വഖ്ഫിനു നേരെയുള്ള നിയമനിർമ്മാണവും കൈയേറ്റവും കേവലം ഒരു സ്വത്ത് കൈയേറ്റമല്ല. അതൊരു സംസ്കാരത്തെയും അതിന്റെ കർമ്മ നിർമ്മിതികളെയും തുടച്ചുനീക്കാനുള്ള ശ്രമം കൂടിയാണ്.



# കേന്ദ്രസർക്കാർ എന്താണ് ഇപ്പോൾ **വഖ്ഫ് വിഷയത്തിൽ ചെയ്യുന്നത്?**

**വഖ്ഫ് സ്വത്തുകളിൽ വലിയൊരു ഭാഗം ഇപ്പോൾ തന്നെ സ്വകാര്യ വ്യക്തികളും സർക്കാറും കൈയേറിയിട്ടുണ്ട്. ഡൽഹിയും മറ്റും അതിന്റെ നേർസാക്ഷ്യങ്ങളാണ്. വഖ്ഫ് സ്വത്തുകൾ നേരിട്ട് പെട്ടെന്ന് കൈയടക്കാൻ പറ്റാത്ത രീതിയിലുള്ള ചില നിയമങ്ങൾ നിലവിലുണ്ടായിരുന്ന വഖ്ഫ് ആക്ട് ഉൾക്കൊള്ളുന്നുണ്ട്. എങ്കിലും ഈ നിയമത്തെ മറികടന്ന് തന്നെ ധാരാളം വഖ്ഫ് കൈയേറ്റങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ വഖ്ഫ് വിഷയത്തിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്ത് കളഞ്ഞ് ഏത് വഖ്ഫ് സ്വത്തും മുസ്‌ലിം സമുദായത്തിന്റെ ഒരു കർതൃത്വവും ഇല്ലാത്ത രീതിയിൽ സർക്കാരിന് ഏറ്റെടുക്കാനും നിലവിലെ കൈയേറ്റങ്ങൾ അതുപോലെ നിലനിർത്താനുമാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. സർക്കാരിന് അങ്ങനെ ചെയ്യാൻ അധികാരമില്ലേ?**

ഇന്ത്യയിൽ ഓരോ പൗരനും മൗലികാവകാശങ്ങളുണ്ട്. ഓരോ സമുദായത്തിനും തങ്ങളുടെ മതത്തിന്റെ വ്യക്തിനിയമങ്ങൾ (Personal Law) നടപ്പാക്കാം എന്നത് ഇത്തരമൊരു മൗലികാവകാശമാണ്. ഇന്ത്യയിലെ ഓരോ സമുദായവും അവരവരുടെ വ്യക്തിനിയമങ്ങൾ നടപ്പാക്കിയാണ് മുന്നോട്ട് പോകുന്നത്.

മുസ്‌ലിം വ്യക്തിനിയമങ്ങളിൽ പ്രധാനപ്പെട്ട അഞ്ച് കാര്യങ്ങളാണ് ഉൾകൊള്ളുന്നത്. വിവാഹം, വിവാഹമോചനം, അനന്തരാവകാശം, വസ്വിയത്ത്, വഖ്ഫ് എന്നിവയാണവ. ഈ കാര്യങ്ങളെല്ലാം ഇസ്‌ലാമിക നിയമമനുസരിച്ചാണ് മുസ്‌ലിംകൾ നടപ്പിലാക്കുന്നത്.

അഥവാ വഖ്ഫിന്റെ സംരക്ഷണവും അതിന്റെ നിലനിൽപ്പും മുസ്‌ലിംകളുടെ മൗലികാവകാശത്തിൽ ഉൾപെടുന്ന കാര്യങ്ങളാണ്. അതുകൊണ്ട് തന്നെ ഇപ്പോൾ കേന്ദ്രസർക്കാർ ഇന്ത്യൻ മുസ്‌ലിംകളുടെ മൗലികാവകാശത്തെയാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നത്.

## എന്താണ് വഖ്ഫ് ബോർഡ്?

ഓരോ സമുദായങ്ങൾക്കും അവരുടെ മതപരമായ സ്വത്തുക്കൾ ഉണ്ട്. സമുദായ സ്വത്തുകളെ ഇന്ത്യൻ ഭരണഘടനയുടെ കൺകറൻറ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് സമുദായങ്ങളുടെ സ്വത്തുക്കളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും നിയമനിർമ്മാണം നടത്താൻ അനുവാദം നൽകി.

1954ൽ ആദ്യത്തെ ഓൾ ഇന്ത്യ വഖ്ഫ് ആക്ട് പാസാക്കി. ഓരോ സംസ്ഥാനത്തും വഖ്ഫ് ബോർഡ് രൂപീകരിക്കപ്പെട്ടു. കേന്ദ്രത്തിൽ വഖ്ഫ് കൗൺസിലും രൂപീകരിക്കപ്പെട്ടു. ഓരോ സമുദായങ്ങളുടെ സ്വത്തുക്കളുടെ സംരക്ഷണത്തിനും ഇത്തരം ബോർഡുകൾ നിലവിൽ വന്നു.




1954ലെ വഖ്ഫ് ആക്ടിലെ നിയമത്തിൽ ചില പോരായ്മകൾ തിരിച്ചറിഞ്ഞ് 1995ൽ ചില പരിഷ്കരണങ്ങൾ കൊണ്ടുവന്നു. തർക്കങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ വഖ്ഫ് ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പരിഷ്ക്കരണങ്ങൾ ഇതിന്റെ ഭാഗമായിരുന്നു.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് 1995 ലെ വഖ്ഫ് ആക്ടിൽ 2013 ൽ ചില ഭേദഗതികൾ കൊണ്ടുവന്നു. വഖ്ഫ് സ്വത്തുകളുടെ കൈയേറ്റം തടയാനും സ്വത്തുക്കൾക്ക് കൂടുതൽ സംരക്ഷണം നൽകുന്നതിനും ലക്ഷ്യമിട്ട് ബിജെപി ഉൾപ്പെടെയുള്ള മുഴുവൻ പാർട്ടികളുടെയും പിന്തുണയോടെ കൊണ്ടുവന്ന നിയമമായിരുന്നു അത്.

ചുരുക്കത്തിൽ ഇതുവരെ വന്ന  മുഴുവൻ വഖ്ഫ് നിയമങ്ങളുടെയും ലക്ഷ്യം വഖ്ഫിന്റെ സംരക്ഷണവും വളർച്ചയും ആയിരുന്നു.

ഓരോ വഖ്ഫ് സ്വത്തിനും ഒരു മുതവല്ലി ഉണ്ടാകും. മുതവല്ലിമാർ വഖ്ഫ്  സ്വത്ത് ശരിയായ രൂപത്തിൽ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന മേൽനോട്ടം വഹിക്കാനായി  സർക്കാർ രൂപീകരിച്ച ബോഡിയാണ് വഖ്ഫ് ബോർഡ്

വഖ്ഫ് ബോർഡ് വഖ്ഫ് സ്വത്തിന്റെ ഉടമസ്ഥരല്ല. വഖ്ഫ് സ്വത്ത് അന്യാധീനപ്പെട്ടു പോകാതിരിക്കാൻ നിരീക്ഷണം നടത്തുന്നവർ മാത്രമാണ്. ധാരാളം വഖ്ഫ് മുതലുകൾ അന്യായമായി കൈയേറ്റം ചെയ്യപ്പെടുന്ന അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. അത്തരം അവസ്ഥകൾ ഇല്ലാതിരിക്കാൻ വേണ്ടിയാണ്  ബോർഡുകൾ രൂപീകരിച്ചത്.

**ഇന്ത്യയിൽ മുസ്‌ലിംകൾക്ക് മാത്രമാണോ വഖ്ഫ് സംരക്ഷണം പോലെയുള്ള പ്രത്യേക നിയമമുള്ളത്?**

- അല്ല. നമ്മുടെ രാജ്യത്ത് എല്ലാ മതവിഭാഗങ്ങൾക്കും സമാനമായ രീതിയിൽ അവരുടെ പൊതുസമ്പത്ത് സൂക്ഷിക്കാനും സംരക്ഷിക്കാനുമുള്ള നിയമമുണ്ട്. ഹിന്ദുക്കളുടെ ദേവസ്വം ബോർഡും ദേവസ്വം നിയമവും ഇതിന് ഉദാഹരണമാണ്. അതുപോലെ മറ്റ് മതവിഭാഗങ്ങൾക്കും അവരുടെ മേഖലയിൽ പ്രത്യേക നിയമങ്ങളുണ്ട്. എന്നാൽ വഖ്ഫ് നിയമത്തെ മാത്രം ലക്ഷ്യംവെച്ചുള്ള ഇപ്പോൾ നടക്കുന്ന നീക്കങ്ങൾ കൃത്യമായ മുസ്‌ലിംവിരുദ്ധതയുടെ ഫലമാണ്.

# ഇപ്പോൾ പാസായ വഖ്ഫ് ഭേദഗതി നിയമത്തിലെ **അപകടങ്ങളും പ്രത്യാഘാതങ്ങളും**

**1. വഖ്ഫിന്റെ മേലുള്ള അധികാരം കേന്ദ്രസർക്കാരിലേക്കും ഉദ്യോഗസ്ഥരിലേക്കും മാറ്റപ്പെടുന്നു**

പുതിയ ഭേദഗതി പ്രകാരം, വഖ്ഫ് സ്വത്തുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ തീർപ്പ് കൽപ്പിക്കാനുള്ള അധികാരം ഭരണകൂടം നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കാണ്(Designated Officer). ജില്ലാ കലക്ടർ ഉദാഹരണം. വഖ്ഫ് സ്വത്തുമായി ബന്ധപ്പെട്ട് സർവ്വേ നടത്താനും റിപ്പോർട്ട് സമർപ്പിക്കാനുള്ള അധികാരം പ്രസ്തുത ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകും.

ഇതുവരെ, വഖ്ഫ് സ്വത്തുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ വ്യവസ്ഥാപിത സ്വഭാവമുള്ള ട്രിബ്യൂണലാണ് തീർപ്പ് കൽപ്പിച്ചിരുന്നത്. ഡിസ്ട്രിക്ട് / സെഷൻസ് ജഡ്ജിന്റെ റാങ്കിൽ കുറയാത്ത ആളാണ് ട്രിബ്യൂണലിന്റെ ചെയർമാൻ. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ റാങ്കിന് സമാനമായ സിവിൽ സർവീസ് ഓഫീസർ ഒരു മെമ്പറായും ഇസ്ലാമിക നിയമത്തിൽ അവഗാഹമുള്ള ആൾ മറ്റൊരു മെമ്പറുമായുള്ള ബോഡിയാണ് വഖ്ഫ് ട്രിബ്യൂണൽ.

അങ്ങനെയുള്ള ട്രിബ്യൂണലിന്റെ അധികാരങ്ങൾ കുറച്ചിരിക്കുന്നു. ഗവൺമെന്റ് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് വഖ്ഫ് വിഷയത്തിൽ അധികാരം നൽകിയിരിക്കുന്നു. സംഘപരിവാർ സർക്കാർ നിശ്ചയിക്കുന്ന ജില്ലാകലക്ടർക്ക് ഈ അധികാരം ലഭിച്ചാലുള്ള അപകടം എത്രത്തോളമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇന്ത്യയിൽ ബാബരി മുതൽ സമ്പൽ വരെയുള്ള പള്ളികളു

മായി ബന്ധപ്പെട്ട തർക്കങ്ങളിൽ ജില്ലാ മജിസ്ട്രേറ്റുമാരായ ഉദ്യോഗസ്ഥർ എങ്ങനെ പെരുമാറി എന്നത് നമുക്ക് അനുഭവമുള്ള കാര്യമാണ്.



ഒരു വഖ്ഫ് സ്വത്ത് ഗവണ്മെന്റ് സ്വത്ത് ആണെന്ന് ആരെങ്കിലും പരാതി ഉന്നയിച്ചാൽ അതിൽ ഉദ്യോഗസ്ഥർക്ക് അന്വേഷണം നടത്താനും അത് വഖ്ഫ് സ്വത്ത് അല്ലാതാക്കി മാറ്റാനും സാധിക്കുന്ന വിധത്തിലാണ് ഭേദഗതി ബില്ലിലെ നിയമങ്ങൾ

**2. വഖ്ഫ് സ്വത്തിനെതിരെ പരാതി ഉന്നയിക്കപ്പെട്ടാൽ അത് വഖ്ഫ് സ്വത്ത് അല്ലാതായി മാറും**

ഒരു വഖ്ഫ് സ്വത്ത് ചൂണ്ടി ആരെങ്കിലും ഒരാൾ ഇത് സർക്കാർ സ്വത്താണ് എന്ന് പരാതിപ്പെട്ടു എന്ന് കരുതുക. പ്രസ്തുത പരാതിയിൽ തീരുമാനം വരുന്നതുവരെ അത് വഖ്ഫ് അല്ലാതായി മാറും.

സാധാരണഗതിയിൽ ഒരു വിഷയത്തിൽ കോടതിവ്യവഹാരമോ മറ്റോ നിലവിൽ ഉണ്ടെങ്കിൽ സ്റ്റാറ്റസ് കോ തുടരുക എന്നതാണ് നിയമപരമായ കീഴ്വഴക്കം. അതായത് വിധി വരുന്നതുവരെ പഴയതുപോലെതന്നെ തുടരും. എന്നാൽ പുതിയ വഖ്ഫ് ബില്ല് പ്രകാരം, ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി തീരും വരെ അത് വഖ്ഫ് സ്വത്ത് അല്ലാതായി മാറുന്നു. ഏതെങ്കിലും ഒരു വഖ്ഫ് സ്വത്ത് ചൂണ്ടിക്കാട്ടി അത് ഗവണ്മെന്റ് സ്വത്താണ് എന്ന പരാതി ആർക്കും ഉന്നയിക്കാനും അങ്ങനെ അതിനെ വഖ്ഫ് സ്വത്ത് എന്ന ഗണ

ത്തിൽ നിന്ന് പുറത്ത് നിർത്താനും  കഴിയുന്നു. ഉദ്യോഗ സ്ഥൻ നടത്തേണ്ടുന്ന ENQUIRY ക്കും  റിപ്പോർട്ട് സമർപ്പിക്കുന്നതിനും പുതിയ ഭേദഗതി കാലപരിധി വെക്കുന്നില്ല എന്നതും അനീതിയുടെ വ്യാപ്തി കൂട്ടുന്നു. അന്വേഷണം എത്ര കാലം വേണമെങ്കിലും ഉദ്യോഗസ്ഥന് നീട്ടിക്കൊണ്ടുപോവാം. ആ കാലമത്രയും വഖ്ഫ് സ്വത്ത് അല്ലാതെയായി അവശേഷിക്കും.

**3. അമുസ്‌ലിംകളെ കേന്ദ്ര വഖ്ഫ് കൗൺസിലിലും സംസ്ഥാന വഖ്ഫ്  ബോർഡുകളിലും ഉൾപ്പെടുത്താൻ പുതിയ ബില്ല് നിബന്ധന വെക്കുന്നു**

നിലവിലെ നിയമപ്രകാരം കേന്ദ്ര വഖ്ഫ്  കൗൺസിലിന്റെയും സംസ്ഥാന വഖ്ഫ്  ബോർഡുകളുടെയും എല്ലാ അംഗങ്ങളും മുസ്‌ലിംകളായിരിക്കണം. എന്നാൽ ഈ വ്യവസ്ഥ പുതിയ ബില്ല് ഒഴിവാക്കുന്നു. എന്ന് മാത്രമല്ല വഖ്ഫ് കൗൺസിലിലേക്കും ബോർഡുകളിലേക്കും കുറഞ്ഞത് രണ്ട് മുസ്‌ലിമല്ലാത്ത അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു.




ഓരോ സമുദായത്തിന്റെയും മതപരമായ  സ്വത്തുക്കൾ അതത് സമുദായം തന്നെയാണ് കൈകാര്യം ചെയ്യേണ്ടത്. മറ്റു സമുദായങ്ങളുടെ മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിരവധി കേന്ദ്ര, സംസ്ഥാന ബോർഡുകൾ നിലവിലുണ്ട്. അതിലൊന്നും ആ സമുദായത്തിന് പുറത്ത്നിന്നുള്ള ആളുകളെ ഉൾപ്പെടുത്തണമെന്ന് നിയമമില്ല. ദേവസ്വം ബോർഡുകളിൽ ഹിന്ദുക്കൾ അല്ലാത്തവരെ ഇപ്പോഴും

ഉൾപ്പെടുത്തുന്നില്ല. സിക്കുകാരുടെ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് അവർ മാത്രം ഉൾക്കൊള്ളുന്ന ഗുരുദ്വാര പ്രബന്ധക് കമ്മിറ്റികളാണ്. ക്രിസ്ത്യാനികളുടെ മതപരമായ സ്വത്തുവഹകൾ കൈകാര്യം ചെയ്യുന്നത് സഭകളാണ്. അതിനാൽ, ഒരു പ്രത്യേക സമുദായത്തിന് മാത്രം ഈ വ്യവസ്ഥ നിർബന്ധമാക്കുന്നത് ഭരണഘടനാ ലംഘനമാണ്. മാത്രമല്ല വഖ്ഫ് ഒരു മതപരമായ സംഗതിയാണ്. പുതിയ നിയമത്തിലൂടെ അതിന്റെ മതസ്വഭാവം നഷ്ടപ്പെടും.

**4. ഇനി മുതൽ എല്ലാവർക്കും വഖ്ഫ് ചെയ്യാൻ പറ്റില്ല**

നിലവിലുണ്ടായിരുന്ന നിയമപ്രകാരം ഏതൊരു വ്യക്തിക്കും സ്വത്ത് വഖ്ഫ് ചെയ്യാൻ സാധിക്കുമായിരുന്നു. എന്നാൽ, പുതിയ നിയമപ്രകാരം, കുറഞ്ഞത് അഞ്ചു വർഷമായി ഇസ്ലാം പ്രാക്ടീസ് ചെയ്യുന്ന വ്യക്തിക്ക് മാത്രമേ സ്വത്ത് വഖ്ഫ് ചെയ്യാൻ സാധിക്കൂ. അഥവാ വഖ്ഫ് അർപ്പിക്കാനുള്ള അവകാശം എല്ലാവർക്കും ഉണ്ടായിരിക്കുകയില്ല. ഈ വ്യവസ്ഥ ഇസ്ലാമിക നിയമങ്ങൾക്കും വിരുദ്ധമാണ്. ഇസ്ലാമനുസരിച്ച് ജീവിക്കാനുള്ള ഒരു മുസ്ലിമിന്റെ അവകാശത്തെയാണ് ഇതിലൂടെ ഇല്ലാതാക്കുന്നത്. ഇസ്ലാം സ്വീകരിച്ച ഒരാൾക്ക് അഞ്ച് വർഷത്തേക്ക് അയാളുടെ സമ്പത്ത് സ്വന്തം ഇഷ്ടപ്രകാരം ചെലവഴിക്കാനുള്ള ഭരണഘടന നൽകിയ അവകാശത്തെ നിഷേധിക്കുകയും ചെയ്യുന്നു.

മുസ്ലിമല്ലാത്ത ഒരാൾക്ക് സ്വന്തം സമ്പത്ത് വഖ്ഫ് ചെയ്യാനും ഈ നിയമപ്രകാരം ഇനിമുതൽ അനുവാദം ഉണ്ടാവുകയില്ല.

ഏതൊരു പൗരനും തന്റെ സ്വത്ത് ഇഷ്ടപ്രകാരം വിനിയോഗിക്കാനുള്ള അടിസ്ഥാന സ്വാതന്ത്ര്യത്തെ ഇവിടെ തടയുന്നു.

ഇന്ത്യ പോലുള്ള ബഹുമത സമൂഹത്തിൽ ഏത് മതസ്ഥർക്കും മറ്റു മതസ്ഥരുടെ മതപരമായ കാര്യങ്ങൾക്ക് സംഭാവനകൾ നൽകാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അത്തരം സംഭാവനകൾ സമൂഹത്തിൽ ധാരാളം കാണാൻ കഴിയും. ഇനി മുതൽ അത് നടക്കുകയില്ല.

## 5. നമ്മുടെ നാട്ടിലുള്ള വഖ്ഫ് സ്വത്തുക്കൾ വ്യാപകമായി നഷ്ടപ്പെടാൻ തുടങ്ങും

പണ്ടുകാലത്ത് ഒരാൾ വഖ്ഫ് ചെയ്യുമ്പോൾ പലപ്പോഴും ഔദ്യോഗികമായി രേഖപ്പെടുത്തപ്പെടാറില്ല. വഖ്ഫ് ചെയ്തിരിക്കുന്നു എന്ന് വാക്കാൽ പറയുകയാണ് ചെയ്തിരുന്നത്. ഇന്ത്യ എന്ന സ്വതന്ത്ര രാജ്യമൊക്കെ നിലവിൽ വരുന്നതിന് എത്രയോ കാലം മുൻപ് വഖ്ഫ് ചെയ്ത സ്വത്തുക്കൾ ഉണ്ടാവും. അക്കാലത്ത് ഇന്നത്തെ പോലുള്ള നിയമങ്ങളൊന്നും ഉണ്ടായിരുന്നില്ല.





അങ്ങനെ ഔദ്യോഗികമായി രേഖപ്പെടുത്തപ്പെടാതെ വഖ്ഫ് ചെയ്യപ്പെട്ട സ്വത്തുക്കൾ തലമുറകളായി കൈമാറി വരുന്നതായിരിക്കും. കാലങ്ങളായി വഖ്ഫ് സ്വത്തായി ഉപയോഗിച്ച് വരുന്നു എന്ന കാരണം കൊണ്ട് തന്നെ നിയമപരമായി വഖ്ഫ് സ്വത്തായി പരിഗണിച്ചിരുന്നു. ഇതിനെയാണ് വഖ്ഫ് ബൈ യൂസർ (Waqf by user) എന്ന് പറയുന്നത്. അഥവാ, നിലവിലെ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടാത്തതും എന്നാൽ കാലങ്ങളായി വഖ്ഫായി ഉപയോഗിച്ചുവരുന്നതുമായ സ്വത്തുകളാണ് വഖ്ഫ് ബൈ യൂസർ. ഇന്ത്യയിൽ ഈ രൂപത്തിൽ ധാരാളം വഖ്ഫ് സ്വത്തുകൾ നിലനിൽക്കുന്നുണ്ട്. പുതിയ വഖ്ഫ് ബില്ലനുസരിച്ച് 'വഖ്ഫ് ഭേദഗതി നിയമം 2025' പ്രാബല്യത്തിൽ വരുന്നതിനു മുൻപ് 'വഖ്ഫ് ബൈ യൂസർ' എന്ന നിലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖ്ഫ് സ്വത്തുക്കൾ വഖ്ഫ് സ്വത്തുക്കൾ തന്നെയായിരിക്കും.

പക്ഷേ, അതിൽ അപകടകരമായ ഒരു പ്രശ്നമുണ്ട്. ആ വഖ്ഫ് സ്വത്ത് മുഴുവനായോ ഭാഗികമായോ രീതിയിൽ

തർക്കത്തിലുള്ളതാണെങ്കിൽ, അത്തരം സ്വത്തുക്കൾക്ക് ഈ പരിരക്ഷ ബാധകമാകില്ല.

**ഉദാഹരണമായി,**
ഇന്ത്യയിൽ പല വഖ്ഫ് സ്വത്തുക്കളുമായും ബന്ധപ്പെട്ട് ഇപ്പോൾ തർക്കം നിലനിൽക്കുന്നുണ്ട്. കാലങ്ങൾക്കു മുമ്പ് വാക്കാൽ വഖ്ഫ് ചെയ്ത സ്വത്തുക്കൾ ആയിരിക്കും അത്. അത്തരം കേസുകളിൽ ഇനി ആ സ്വത്തുക്കൾക്ക് നിയമപര മായ പരിരക്ഷ ലഭിക്കുകയില്ല. ഇക്കാലം വരെ അത്തരം കേസുകൾ ഉണ്ടാവുമ്പോഴും വഖ്ഫ് സ്വത്ത് എന്ന പരിഗ ണന നൽകി കൊണ്ട് തന്നെയാണ് കേസ് മുന്നോട്ടു പോയി രുന്നത്. എന്നാൽ പുതിയ നിയമത്തിൽ അങ്ങനെയല്ല. സ്വാഭാവികമായും ധാരാളം വഖ്ഫ് സ്വത്തുക്കൾ അന്യായ മായി കൈയേറ്റം ചെയ്യപ്പെടുകയും തകർക്കപ്പെടുകയും ചെയ്യും.

ഇപ്പോൾ തർക്കങ്ങൾ ഒന്നുമില്ലാത്ത വഖ്ഫ് സ്വത്തും രക്ഷ പ്പെടാൻ പോകുന്നില്ല.

**കാരണം,**
കാലങ്ങളായി കൈമാറ്റം ചെയ്യപ്പെട്ട് വരുന്ന വഖ്ഫ് സ്വ ത്തുക്കളിൽ ഇനി ആരെങ്കിലും തർക്കം ഉന്നയിച്ചു എന്ന് കരുതുക. അങ്ങനെ ഭാഗികമായോ പൂർണമായോ തർക്കം ഉണ്ടായാൽ പ്രസ്തുത സ്വത്തുക്കൾ തുടർന്നങ്ങോട്ട് വഖ്ഫ് സ്വത്തുക്കളായി പരിഗണിക്കുകയില്ല.

ഉദാഹരണമായി നമ്മുടെ പ്രദേശത്തുള്ള ഒരു പള്ളി. ആ പള്ളി കാലങ്ങളായി കൈമാറ്റം ചെയ്യപ്പെട്ടു വന്നതാണ്. അത് വഖ്ഫ് സ്വത്തല്ല എന്ന് ഒരാൾ പരാതി ഉന്നയിച്ചു എന്ന് കരുതുക. അങ്ങനെ തർക്കം ഉണ്ടായാൽ പിന്നീട് അതിന് വഖ്ഫ് സ്വത്തിന്റെ പരിരക്ഷ ലഭിക്കുകയില്ല.

ഇപ്പോൾ തർക്കമില്ലാത്ത വഖ്ഫ് സ്വത്തുക്കളിൽ ഭാവിയിൽ തർക്കം ഉന്നയിക്കപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെ വരും കാലങ്ങളിൽ വ്യാപകമായി വഖ്ഫ് സ്വത്തു ക്കളിൽ അവകാശ വാദമുന്നയിക്കാനും കെയ്യേറ്റം ചെയ്യാ നുമുള്ള വാതിലുകളാണ് വഖ്ഫ് ഭേദഗതി നിയമം തുറന്നു വെക്കുന്നത്.

**6. വഖ്ഫിനെ ലിമിറ്റേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നു.**

ഒരു സ്വത്ത് അന്യാധീനപ്പെട്ടു എന്ന് കരുതുക. നിശ്ചിതകാലത്തിനുള്ളിൽ പരാതി ഉന്നയിക്കണം. നിശ്ചിതകാലത്തിന് ശേഷം പരാതി ഉന്നയിക്കാൻ അനുവാദം ഉണ്ടാവുകയില്ല. ഇതിനെയാണ് ലിമിറ്റേഷൻ ആക്ട് എന്ന് പറയുന്നത്. വഖ്ഫ് സ്വത്തിനും ഇന്ത്യയിലെ മറ്റു മതസ്ഥരുടെ സ്വത്തുക്കൾക്കും ലിമിറ്റേഷൻ ആക്ട് ഇത്രകാലം ബാധകം ആയിരുന്നില്ല. അവർക്ക് നിശ്ചിതകാലം കഴിഞ്ഞാലും അന്യാധീനപ്പെട്ട സമുദായ സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ കോടതിയെ സമീപിക്കാം. ഇത് ക്ഷേത്രങ്ങൾക്കും ചർച്ചുകളും പള്ളികൾക്കും പൊതുസ്വത്ത് എന്ന നിലയിൽ നിയമം നൽകുന്ന പരിഗണനയാണ്.

എന്നാൽ പുതിയ ഭേദഗതി നിയമ പ്രകാരം വഖ്ഫ് മുതലുകൾ ലിമിറ്റേഷൻ പരിധിയിൽ വരും. ഇതോടുകൂടി വഖ്ഫ് കൈയേറ്റക്കാർക്ക് കൂടുതൽ നിയമ പിന്തുണ വന്നുചേരും. മറ്റു മതസ്ഥരുടെ സ്വത്തുക്കൾക്ക് ഇത് ബാധകമല്ല.

വഖ്ഫ് സ്വത്തുക്കൾ ആരെങ്കിലും അന്യായമായി കൈവശം വെച്ചിട്ട് 12 വർഷം കഴിഞ്ഞാലും അന്യായമായി കയ്യേറിയതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ ഇതുവരെ സാധിക്കുമായിരുന്നു. എന്നാൽ ഈ ഭേദഗതി നിലവിൽ വന്നതോട് കൂടി 12 വർഷത്തിലധികം അനധികൃതമായി കൈവശം വെച്ചാൽ ആ വ്യക്തിക്ക് അതിന്റെ ഉടമസ്ഥാവകാശം അവകാശപ്പെടാൻ സാധിക്കും. ഇത് വഖ്ഫ് സ്വത്തുക്കളുടെ സംരക്ഷണത്തിന് വലിയ ഭീഷണിയാണ്.

**7. വഖ്ഫ് ഭേദഗതി നിയമം എല്ലാ മുസ്ലിംകളെയും ബാധിക്കുമോ?**

ഇത് മുസ്ലിംകളുടെ ഇന്ത്യയിലെ നിലനിൽപ്പുമായി ബന്ധപ്പെട്ട ഗൗരവമേറിയ പ്രശ്നമാണ്. ആർ എസ് എസ്സിന്റെ മുസ്ലിം വംശഹത്യ പദ്ധതിയുടെ ഭാഗമാണ് വഖ്ഫ് ഭേദഗതി നിയമം. വംശഹത്യ എന്നത് ശാരീരിക ഉന്മൂലനം മാത്രമല്ല. സാംസ്കാരികമായ ഉന്മൂലനം കൂടിയാണ്.

ഇന്ത്യ പോലുള്ള രാജ്യത്ത്, ഒരു സമുദായത്തിന് അതിന്റെ

മതവിശ്വാസങ്ങൾ മുറുകെപ്പിടിച്ച് ആ സമുദായമായി തന്നെ നിലനിൽക്കാനുള്ള അവകാശമാണ് വ്യക്തിനിയമത്തിലൂടെ (Personal Law) നൽകപ്പെടുന്നത്. ഏതെങ്കിലും ഒരു സമുദായത്തിന്റെ വ്യക്തിനിയമം റദ്ദ് ചെയ്യപ്പെട്ടാൽ എന്താണ് സംഭവിക്കുക? ആ സമുദായത്തിന് പിന്നീട് ഈ രാജ്യത്ത് ഒരു വിശ്വാസ സമുദായമായി നിലനിൽക്കാനുള്ള അവകാശം നിഷേധിക്കപ്പെടും.

ഒരു സമുദായത്തിന്റെ  വ്യക്തിനിയമം ( Personal Law)  റദ്ദ് ചെയ്യപ്പെട്ടാൽ  ആ സമുദായത്തെ വംശീയമായി ഉന്മൂലനം ചെയ്യാനുള്ള എല്ലാ വാതിലുകളും തുറക്കപ്പെടും എന്നതാണ് യാഥാർഥ്യം. കാരണം അത്രമേൽ വൈകാരികമായതാണ് വ്യക്തി നിയമവും മതവും ആരാധന കേന്ദ്രങ്ങളുമെല്ലാം. അത്രയും വൈകാരികമായ കാര്യങ്ങളെ കൈയേറ്റം ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം മറ്റെന്തും ചെയ്യുക എളുപ്പമായി മാറും.







- ചില വ്യാജപ്രചാരണങ്ങൾ
- വസ്തുതകൾ

വഖ്ഫുമായി ബന്ധപ്പെട്ട ധാരാളം വ്യാജങ്ങൾ സംഘപ രിവാറും സംഘപരിവാർ അനുകൂലികളും പ്രചരിപ്പിക്കു ന്നുണ്ട്. അവയിൽ ചിലത് ഏതൊക്കെയാണെന്നും അതിന്റെ വസ്തുത എന്താണെന്നും നോക്കാം

• "വഖ്ഫ്  എന്നത് നാട്ടുകാരുടെ  ഭൂമികളും സർക്കാരി ന്റെ ഭൂമികളും കൈയേറ്റം ചെയ്യാനുള്ള ഒരു പദ്ധതി യും മറയും ആണ്. വഖ്ഫിന്റെ പേര് പറഞ്ഞ് ഒരുപാട് ഭൂമികൾ കൈയേറിയിട്ടുണ്ട്.  ഈ നാട്ടിലെ അമ്പലങ്ങ ളിലേക്കും ചർച്ചുകളിലേക്കും സാധാരണക്കാരുടെ വീടുകളിലേക്കും വഖ്ഫിന്റെ പേരുപറഞ്ഞ് ഏത് സമയ ത്തും കടന്നു വരികയും അവ  തകർക്കുകയും ചെയ്യും".

പൂർണ്ണമായും വ്യാജ പ്രചാരണമാണിത്. ഇപ്പോൾ പ്രശ്നം നിലനിൽക്കുന്ന മുനമ്പത്ത് പോലും ആ ഭൂമി യുമായി ബന്ധപ്പെട്ട ഫാറൂഖ് കോളേജ് ട്രസ്റ്റ് ഭൂമി തിരിച്ചു  വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. നമ്മുടെ രാജ്യ ത്ത് നേരെ മറിച്ചാണ് ഇതുവരെ സംഭവിച്ചിട്ടുള്ളത്. അതായത് വഖ്ഫ് സ്വത്തുക്കൾ  സ്വകാര്യ വ്യക്തികളും സർക്കാരും കൈയേറുന്ന സംഭവങ്ങളാണ് നടക്കാറു ള്ളത്. അതിൽനിന്നും വഖ്ഫ് സ്വത്തുകളെ സംരക്ഷി ക്കുന്നതിനു വേണ്ടിയാണ് വഖ്ഫ്  ബോർഡ് പോലും രൂപീകരിക്കപ്പെട്ടത്.

• " ഇന്ത്യയിൽ റെയിൽവേയും പ്രതിരോധ വകുപ്പും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്വത്തുള്ള സംവിധാനം വഖ്ഫ് ബോർഡ് ആണ്"

ഇത് വ്യാജ പ്രചാരണമാണ്. വഖ്ഫ് ബോർഡുകൾക്ക് വളരെ ചെറിയ സ്വത്തു മാത്രമേയുള്ളൂ. വഖ്ഫ് സ്വത്തു ക്കൾ വഖ്ഫ് ബോർഡിന്റേതല്ല. മുതവല്ലിമാർ അവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്നതിന് മേൽനോ ട്ടം വഹിക്കുന്ന സംവിധാനം മാത്രമാണ് വഖ്ഫ് ബോർഡ്.

• " ഏത് സ്വത്തും വഖ്ഫ് സ്വത്താണെന്ന് വഖ്ഫ് ബോർഡിന് അവകാശവാദമുന്നിയിക്കാൻ പുതിയ വഖ്ഫ് ബില്ല് വരുന്നതിന് മുമ്പ് കഴിയുമായിരുന്നു. എന്നാൽ പുതിയ വഖഫ് നിയമം അതിനു തടയിട്ടു "

ഈ വാദം വസ്തുതാ വിരുദ്ധമായ ആരോപണം മാത്ര മാണ്. വഖ്ഫ് സ്വത്തല്ലാത്ത ഒരു സ്വത്തിന്റെ മേൽ വഖ്ഫ് ബോർഡിന് ഒരു അവകാശവാദവും ഉന്നയി ക്കാൻ കഴിയില്ല. ഉന്നയിച്ചാൽ അത് നിലനിൽക്കുകയും ചെയ്യുമായിരുന്നില്ല.

• " വഖഫ് ട്രിബ്യൂണൽ ഒരു മത കോടതിയാണ് "

നുണപ്രചാരണമാണിത്. 1976 ലെ നാൽപത്തിരണ്ടാം ഭരണഘടന ഭേദഗതി പ്രകാരമാണ് ട്രിബ്യൂണലുകൾ ഇന്ത്യൻ നിയമവ്യവസ്ഥയുടെ ഭാഗമായത്. കോടതികളു ടെ ഭാരം ലഘൂകരിക്കുക എന്നതാണ് എല്ലാ ട്രിബ്യൂണ ലുകളുടെയും ലക്ഷ്യം. എല്ലാ ട്രിബ്യൂണലുകളിലും വിധി പറയുന്നത് സർക്കാർ നിയമിക്കുന്ന ജഡ്ജിമാരാണ്. വഖ്ഫ് ട്രിബ്യൂണിലെ ജഡ്ജി മുസ്ലിം ആകണമെന്ന് ഒരു നിർബന്ധവുമില്ല.

• " വഖ്ഫ് ട്രിബ്യൂണലിന്റെ വിധിക്കെതിരെ നേരത്തെ അപ്പിൽ പോകാൻ പറ്റില്ലായിരുന്നു. പുതിയ നിയമപ്ര കാരം അത് സാധ്യമാക്കി"

ഇത് വസ്തുതാ വിരുദ്ധമാണ്. ട്രിബ്യൂണലിന്റെ വിധി ക്കെതിരെ നേരത്തെയും ഹൈക്കോടതിയെയും സു പ്രീംകോടതിയെയും സമീപിക്കാമായിരുന്നു. രണ്ട് നിയ മത്തിലും ഇതിനുള്ള നിയമപരമായ സാങ്കേതിക പദങ്ങളിൽ വ്യത്യാസങ്ങൾ വന്നു എന്നു മാത്രമേയു ള്ളൂ.



Solidarity Youth Movement, P.B# 833, Hira centre, Mavoor road,
Kozhikode, Kerala | solidarityym@gmail.com





